**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2725** **24-02-2026 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിൽനിന്നും 2020 മുതൽ 2026 വരെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഉന്നതികളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണെന്നും പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | ഓരോ ഉന്നതിയിലും നിർമ്മാണ പ്രവർത്തനങ്ങൾ എത്ര ശതമാനം വീതം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളതെന്നും ഏതെങ്കിലും പ്രവൃത്തികളിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ; പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | കടുത്തുരുത്തി മണ്ഡലത്തിൽനിന്നും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശപഠനത്തിനായുള്ള ഉന്നതി സ്കോളർഷിപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര തുക ലഭ്യമാക്കിയിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഉന്നതി ഓവർസീസ് സ്കോളർഷിപ്പിന്റെ മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. കഴിഞ്ഞ 10 വർഷക്കാലയളവിനു ള്ളിൽ കോട്ടയം ജില്ലയിൽ നിന്നും 49 പട്ടികജാതി വിദ്യാർ ത്ഥികൾ ഉന്നതി സ്കോളർഷിപ്പിന് അർഹരായിട്ടുണ്ട്. |
| (ഡി) | കടുത്തുരുത്തി മണ്ഡലത്തിൽ 2021-22 മുതൽ 2025-26 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ ഓരോ സാമ്പത്തിക വർഷത്തിലും പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള ചികിത്സാ ധനസഹായമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്കാണ് തുക അനുവദിച്ചതെന്ന് വിശദമാക്കാമോ; ഓരോ സാമ്പത്തിക വർഷത്തിലും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | വിവരങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | 2016 മുതൽ 2021 വരെയും ഈ സർക്കാർ അധികാരത്തിൽ വന്നത് മുതൽ നാളിതുവരെയും കടുത്തുരുത്തി മണ്ഡലത്തിൽ ഭൂരഹിതരായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂമിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയെന്നും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ? | (ഇ) | പട്ടികവർഗ്ഗ വിഭാഗങ്ങളുമായി വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| വർഷം | ഗ്രാമം/നഗർ | ഏജൻസി | പ്രവർത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 2021-22 | വട്ടുകന്നപ്പുഴ നഗർ | ജില്ലാ നിർമ്മിതി കേന്ദ്രം | 9 0 % പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റോഡിനുള്ള സ്ഥലം വിട്ടുകിട്ടാത്തതിനാൽ റോഡ് വർക് ഒഴിവാക്കി നടപ്പാത നിർമ്മാണം ആരംഭിച്ചു. ഉടൻ പൂർത്തിയാകുന്നതാണ് |
| 2021-22 | ആച്ചിക്കൽ നഗർ | ജില്ലാ നിർമ്മിതി കേന്ദ്രം | വർക്ക് ആരംഭിച്ചിട്ടില്ല. അഡ്വാൻസ് തുക നൽകിയാൽ മാത്രമേ വർക്ക് തുടങ്ങാൻ സാധിക്ക്കുകയുള്ളൂവെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്. |
| 2023-24 | മധുരവേലിനഗർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, LSGD, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | ടി പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന് അംഗീകാരം ലഭിച്ചാൽ മാത്രമേ വർക്ക് തുടങ്ങാൻ സാധിക്കുകയുള്ളൂ. |

**അനുബന്ധം - 2**

**ചികിത്സാധനസഹായം സംബന്ധിച്ച വിവരങ്ങൾ**

| വർഷം | എണ്ണം | തുക |
|---|---|---|
| 2021-22 | 60 | 1415000 |
| 2022-23 | 61 | 1211500 |
| 2023-24 | 24 | 390500 |
| 2024-25 | 64 | 1239000 |
| **2025-26** | **42** | **800000** |

## അനുബന്ധം - 3

| ക്രമ നം | പഞ്ചായത്ത് | 2016-2021 വരെ അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭൂമി അനുവദിച്ചവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | കടു ത്തുരുത്തി | 8 | 0 | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഉഴവൂർ പഞ്ചായത്തിൽ കോട്ടയം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന 18 പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |
| 2 | മാഞ്ഞൂർ | 25 | 0 | |
| 3 | ഞീഴൂർ | 1 | 0 | |
| 4 | കാടപ്ലാമറ്റം | 34 | 0 | |
| 5 | കാണക്കാരി | 12 | 0 | |
| 6 | കുറവിലങ്ങാട് | 18 | 0 | |
| 7 | മരങ്ങാട്ടുപ്പിള്ളി | 1 | 0 | |
| 8 | ഉഴവൂർ | 4 | 3 | |
| ആകെ | | 103 | 3 | |